സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 3 pages 66-71

പാലൈ
PALAI பாலை
ISSN No: 3049-0316



# ലിംഗ വിവേചനം, പാർശ്വവൽക്കരണം, പ്രതിരോധം സരസ്വതിഭായിയുടെ 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥയിൽ

**ഫാ. ടെജി കെ. തോമസ് ***

**സംഗ്രഹം**

നാനാവിധത്തിലുള്ള ലിംഗവിവേചനങ്ങളും പാർശ്വവൽക്കരണങ്ങളും സ്ത്രീസമൂഹം എല്ലാ കാലഘട്ടത്തിലും അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ടുതന്നെ ലിംഗ വിവേചനം ഏറെ പ്രശ്നവത്കരണം നേരിടുന്ന ഒരു പ്രയോഗമാണ്. സമൂഹവും കുടുംബവും വ്യക്തിയും നിരന്തര പരിണാമങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടിരിക്കുമ്പോഴും സ്ഥായിയായിനിൽക്കുന്ന ചില സാമൂഹിക ധാരണകൾക്ക് ഇളക്കംതട്ടുന്നില്ല. അത്തര ത്തിൽ ഒന്നാണ് സമൂഹത്തിലെ സ്ത്രീപുരുഷ സമത്വം/തുല്യത എന്നത്. സ്ത്രീക്കും പുരുഷനും തുല്യത ഉറപ്പുനൽകുന്ന ഭരണകൂട നിയമസംവിധാനങ്ങൾക്കുള്ളിൽ, ജനാധിപത്യ വ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീയുടെ നില ഇപ്പോഴും പുരുഷന് തുല്യമാണോ എന്നത് ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. കുടുംബം മുതൽ തൊഴിലിടംവരെയുള്ള സ്ത്രീ ഇടപെടുന്ന സാമൂഹിക സംവിധാനങ്ങളിൽ അവൾ നിരന്തരം പാർശ്വവൽക്കരണങ്ങൾ നേരിടുന്നുണ്ട്. അതിലുള്ള സ്വന്തം അതൃപ്തിയെ പലമട്ടിൽ പ്രകടിപ്പിക്കാൻ ശ്രമം നടത്തുന്നുമുണ്ട്. പക്ഷേ, നിർമ്മിതബോധ്യങ്ങൾ അടച്ചൊതുക്കലുകളുടെ പാഠങ്ങളിലൂടെ നിശബ്ദതയാണ്, സഹനമാണ് ഉത്തമയായ സ്ത്രീയുടെ ലക്ഷണമെന്നും അതാണവളുടെ അലങ്കാരമെന്നും പറഞ്ഞുപഠിപ്പിച്ചുവയ്ക്കുന്നു. ഇത്തരം ബോധ്യങ്ങളെ ചോദ്യംചെയ്യുന്ന തരത്തിലുള്ള ആവിഷ്കാരങ്ങൾ ആദ്യകാലം മുതൽ സാഹിത്യകൃതികളിൽ ഉണ്ടായിട്ടുണ്ട്. സമകാലഘട്ടത്തിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന ലിംഗവിവേചനവും പാർശ്വവൽക്കരണവും 1911ൽ സരസ്വതിഭായ് 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ കഥയുടെ ആന്തരികതലം ഉൾക്കൊള്ളുന്ന പ്രതിരോധത്തിന്റെ രാഷ്ട്രീയവും ലിംഗവിവേചനത്തിനെതിരെയുള്ള സ്ത്രീയുടെ നിലപാടുകളും കഥയെ മുൻ നിർത്തി ചർച്ചചെയ്യുകയാണ് ഈ പ്രബന്ധം

**താക്കോൽ വാക്കുകൾ:** വ്യക്തി - കുടുംബം - സ്ത്രീ - ലിംഗം - പ്രതിരോധം – തുല്യത

* അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട.
tejikt@christcollegeijk.edu.in. Ph 9497546621

Sex/ലിംഗം എന്നത് ജീവശാസ്ത്രപരമായ ഒരു വ്യത്യാസം മാത്രമാണ്. ഈ വ്യത്യാസത്തിനപ്പുറത്ത് നിർമ്മിക്കപ്പെടുന്ന ഒന്നാണ് ലിംഗപദവി. "ലിംഗവ്യത്യാസം ഒരു ശസ്ത്രക്രിയയിലൂടെ മാറ്റാം. പക്ഷേ, ഒരു വ്യക്തി ആർജ്ജിച്ചെടുത്ത ലൈംഗികപദവിയുടെ അംശങ്ങളെ മാറ്റിയെടുക്കാൻ ആവില്ലെന്ന് " ജോൺ മണി പറയുന്നുണ്ട്. (John money and Patricia Tucker, sexual signature:On Being a man or woman (1976). ഇത്തരത്തിൽ നിർമ്മിച്ചെടുക്കുന്ന ലിംഗപദവിയാണ് സ്ത്രീയുടെത്. ഈ നിർമ്മിതി കാലങ്ങളായി സാമൂഹ്യബോധ്യങ്ങളിൽ ഉറച്ചുനിൽക്കുകയും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. ഈ പൊതുബോധം കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയപ്പെടുമ്പോൾ ചില കൂട്ടിച്ചേർക്കലുകൾ മാത്രമാണ് നടക്കുന്നത്. പൊളിച്ചെഴുതേണ്ട പല അലിഖിത നിയമസംവിധാനങ്ങളും പാരമ്പര്യത്തിൽ പൊതിഞ്ഞ വാർപ്പ് മാതൃകകളായി നിലനിർത്തിപോരുന്നതിന്റെ പിറകിൽ പുരുഷാധിപത്യത്തിന്റെ സ്വാർത്ഥതാല്പര്യങ്ങളാണെന്നുള്ളത് വ്യക്തമാണ്. 'സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി പരിണമിക്കുകയാണ്' എന്ന സി മൊണ്ട് ദി ബുവെയുടെ നിരീക്ഷണം ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. ഈ പരിണാമത്തിനെതിരെയുള്ള പ്രതിരോധം 'തുല്യത' എന്ന സങ്കല്പത്തെയാണ് മുന്നോട്ടുവയ്ക്കുന്നത്. ജീവശാസ്ത്രപരമായ കാരണത്താൽ മാത്രം നിഷേധങ്ങളുടെ ഭൂമികയിലേക്ക് ഒതുക്കിനിർത്തപ്പെടേണ്ടവരല്ല, ഒതുങ്ങിനിൽക്കേണ്ടവരല്ല എന്ന ബോധ്യമാണ് സ്ത്രീകളെ പ്രതിഷേധത്തിന്റെ തലത്തിലേക്ക് വളരുന്നതിനുള്ള അടിസ്ഥാനമായി മാറുന്നത്.

### ലിംഗവിവേചനം

സ്ത്രീയുടെ നേരെയുള്ള ലിംഗവിവേചനം കുടുംബത്തിൽനിന്ന് തുടങ്ങുന്നുണ്ട്. സമൂഹം പുരോഗമനപരമായി മുന്നോട്ടു പോയിരിക്കുന്നു എന്നു വിലയിരുത്തുമ്പോഴും ചില മാറ്റങ്ങളോടെയാണെങ്കിലും സമൂഹത്തിൽ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ഈ വിവേചനം ശക്തമായിനിലകൊള്ളുന്നുണ്ട്. എം. സരസ്വതിഭായ് 1911 ൽ എഴുതിയ 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥാശീർഷകം തന്നെ ലിംഗവിവേചനത്തിനെതിരെയുള്ള ശക്തമായ പ്രതിരോധതലത്തെ മുന്നോട്ടുവയ്ക്കുന്നതാണ്. ദാമ്പത്യവും കുടുംബവും സമൂഹത്തിൽ വ്യക്തികളെ അളക്കുന്നതിനുള്ള അളവുകോലുകളായി കണക്കാക്കപ്പെടുന്നു. ഈ നിർമ്മിത അളവുകളിലേക്ക് സ്വയം പാകപ്പെടുത്തുമ്പോൾ സ്വയമല്ലാതെയായി ജീവിക്കേണ്ടിവരുന്ന സ്ത്രീയുടെ ശക്തമായ പ്രതികരണവും പാർശ്വവൽക്കരണത്തോടുള്ള തന്റെ നിലപാടുകളുടെ തുറന്നുപറച്ചിലിനൊപ്പം സ്ത്രീ എന്നാൽ മുൻവിധികളുടെ അടിസ്ഥാനത്തിൽ അതിർത്തികൽപ്പിച്ചുനിർത്തേണ്ടവളല്ലെന്നും പുരുഷനൊപ്പമോ, അതിനുമുകളിലോ കാര്യപ്രാപ്തിയുള്ള വ്യക്തിയാണെന്നും തന്റെ പ്രവർത്തിയിലൂടെ ഭർത്താവിനെ ബോധ്യപ്പെടുത്തുകയാണ് എം. സരസ്വതീഭായ് 'തലച്ചോറില്ലാത്ത സ്ത്രികൾ' എന്ന കഥയിലൂടെ. ഇത് ഒരു ഭാര്യയുടെ സ്വന്തം ഭർത്താവിനോടുള്ള പ്രതിരോധവും വിജയവും മാത്രമായല്ല വിലയിരുത്തേണ്ടത് മറിച്ച് സ്ത്രീയെന്ന സംവർഗ്ഗം ഉള്ളിലൊതുക്കിവച്ച സ്വത്വബോധത്തിൽനിന്നുണർന്ന നിലപാടുകളുടെ പ്രഖ്യാപനം കൂടിയാണ്. ജീവിതയാഥാർത്ഥ്യത്തെ അതിന്റെ തനതവസ്ഥയോടെ പ്രയോഗവൽക്കരിക്കുകയാണ്. സ്ത്രീകൂടി ചേർന്നാൽ മാത്രം പൂരിപ്പിക്കപ്പെടുന്ന ഒന്നാണ് കുടുംബം എന്ന ധാരണയെ സ്ഥാപിച്ചെടുക്കുകകൂടിയാണ് ചെയ്യുന്നത്. ഒറ്റയ്ക്ക് കുടുംബം പുലർത്താൻ പുരുഷനു മാത്രമേ കഴിയൂ എന്ന ഉറച്ചുപോയ ധാരണകളുടെ പൊളിച്ചെഴുത്തിലൂടെ സ്ത്രീയുടെ സ്ഥാനം കുടുംബത്തിലും സമൂഹത്തിലും എന്താണെന്നതിന്റെ തുറന്ന ചിത്രം കൂടി കഥയുടെ ആന്തരികതലം വെളിപ്പെടുത്തുന്നുണ്ട്.

### പാർശ്വവൽക്കരണവും പ്രതിരോധവും 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥയിൽ

സ്ത്രീകൾ പണം സമ്പാദിക്കുന്നത് അത്രമേൽ വലിയ അപരാധമായി കാണുന്ന ഗോവിന്ദൻ നായരുടെ പിന്തിരിപ്പൻ ചിന്താഗതിക്ക് അതേ നാണയത്തിൽ മറുപടി കൊട്ടുക്കുന്നതിലൂടെ കല്യാണി അമ്മ എന്ന സ്ത്രീ/ഭാര്യ പുരുഷാധിപത്യ നിർമ്മിത സ്ത്രീയുടെ വാർപ്പ് മാതൃകകളെ പൊളിച്ചെഴുതുകയാണ്. "ഒരു സ്ത്രീ പണത്തിനുവേണ്ടി എപ്പോൾ പ്രയത്നം ചെയ്യാൻ തുടങ്ങുന്നുവോ അപ്പോൾ അവളുടെ സ്ത്രീത്വവും ശ്രേഷ്ഠതയും നശിക്കുന്നു. അങ്ങനത്തെ ഒരു സ്ത്രീ എന്റെ ഭാര്യയായിരിക്കേണ്ട" (എം സരസ്വതിഭായ്:1911:35) എന്ന നിലപാടാണ് കല്യാണി അമ്മയിൽ ഒരു പുനർവിചിന്തനത്തിന്

 ISSN No: 3049-0316


വഴിവയ്ക്കുന്നത്. ചില നിഷേധങ്ങളാണ് ആവശ്യകതകളെക്കുറിച്ച് ചിന്തിപ്പിക്കുന്നതും തിരുത്തി എഴുതാൻ പ്രേരിപ്പിക്കുന്നതും. സ്വന്തം അന്തസ്സും മാന്യതയും വ്യക്തിത്വവും നിഷേധിക്കപ്പെടുന്നതിന് മൂല കാരണമായതും ഏറ്റവും ക്രൂരമായതുമായ സ്ഥാപനങ്ങളായാണ് കുടുംബവും സമൂഹവും പുരുഷാധികാരവും നിലകൊള്ളുന്നത്. ഈ അവസ്ഥകളാണ് തങ്ങളെ അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ചിന്തിക്കാൻ സ്ത്രീകളിൽ അവബോധമുണർത്തിയത്. ഇബ്സന്റെ 'ഡോൾസ് ഹൗസിനെക്കുറിച്ച് കേട്ട് കേൾവിപോലും ഇല്ലാത്ത കാലത്ത് തന്നെ ഇവിടെ സ്ത്രീകളുടെ പ്രതിഷേധജ്വാലകൾ ഉണർന്നിട്ടുണ്ട് എന്നതാണ് വാസ്തവം. സ്വന്തം ജീവിതത്തെ നിർണയിക്കാനുള്ള അവകാശമാണ് സ്വാതന്ത്ര്യം എന്ന തിരിച്ചറിവാണ് ജീവിതത്തെ സ്വത്വബോധത്തോടെ നിലനിർത്താനുള്ള ആത്മബോധവും വ്യക്തിബോധവും തന്റേടവും ആർജ്ജിക്കാൻ സ്ത്രീയെ പ്രാപ്തയാക്കുന്നത്. പക്ഷേ, സ്ത്രീകൾ എന്നും ആശ്രിതരായി തന്നെ കഴിയണമെന്ന പുരുഷശാഠ്യമാണ് ഗോവിന്ദൻ നായരെ ഭരിക്കുന്നത്. മാത്രമല്ല, സ്ത്രീയുടെ സ്നേഹിക്കപ്പെടാനുള്ള ആഗ്രഹത്തെ ഒരുതരത്തിൽ ചൂഷണം ചെയ്യുകയാണ് ഗോവിന്ദൻ നായർ. അയാൾ ഒരു ചുംബനംകൊണ്ട് കല്യാണി അമ്മയെ നിശബ്ദയാക്കുകയാണ്. മാത്രമല്ല, കുട്ടികളെ പഠിപ്പിക്കാൻ മാത്രമുള്ള പരിജ്ഞാനം കല്യാണി അമ്മയ്ക്ക് ഇല്ലെന്ന് പറഞ്ഞ് അവരിലെ ആത്മവിശ്വാസത്തെ കെടുത്തുന്നമുണ്ട്. പാശ്ചാത്യകൃതികളെയും എഴുത്തുകാരെയും വായിക്കാത്തത് അജ്ഞതയാണെന്ന് സ്ഥാപിക്കുന്നുണ്ട്. "സിസേറോ, അരിസ്റ്റോട്ടിൽ, പ്ലാറ്റോ, സ്പെൻസർ ഇവരുടെ കൃതികൾ വല്ലതും നീ വായിച്ചിട്ടുണ്ടോ" (എം സരസ്വതിഭായ്:1911:35) ഇത്തരമൊരു ചോദ്യം ഉന്നയിക്കുന്നതിൽ തികഞ്ഞ യുക്തിരാഹിത്യം ഉണ്ട്. കാരണം, സ്ത്രീക്ക് അവസരങ്ങളെ നിഷേധിക്കുന്നവർക്ക് അത്തരമൊരു ചോദ്യം ഉന്നയിക്കാൻ യാതൊരു അവകാശവുമില്ല. മാത്രമല്ല, അറിവ് എന്നാൽ നിശ്ചിതമായ മേഖലയിലെ പഠനത്തിലൂടെ മാത്രം ഉണ്ടാകുന്നതാണെന്ന് അടിസ്ഥാനരഹിതമായ കാരണവും അയാൾ നിരത്തുന്നുണ്ട്. ഇത്തരത്തിൽ ഭിന്നലൈംഗികതയുടെ ചട്ടക്കൂടുകൾക്കുള്ളിൽ പടർന്നുവളർന്നു പന്തലിച്ചുനിൽക്കുന്ന കുടുംബം അനീതിപൂർണ്ണമായ സാമൂഹ്യവ്യവസ്ഥയാണ് മുന്നോട്ടുവയ്ക്കുന്നത്. അതിൽ അസ്വസ്ഥരായി ജീവിച്ച സ്ത്രീകൾ സ്വന്തം ജീവിത വീക്ഷണം ആവിഷ്കരിക്കുമ്പോൾ അതിന് കൂടുതൽ തെളിച്ചമുണ്ടാകുന്നു.

തങ്ങളെ അംഗീകരിക്കാത്ത പുരുഷനൊപ്പമുള്ള ജീവിതത്തിന്റെ അതൃപ്തികൾ പേറി ജീവിക്കുന്ന അനവധി ദാമ്പത്യങ്ങൾ സമൂഹത്തിൽ അടയാളപ്പെടുത്താതെ കിടപ്പുണ്ട്. ബുദ്ധിഗുണങ്ങൾ ഉള്ളവരുടെ സമത്വമായി ഗണിച്ചിരുന്നില്ലെന്നുള്ള ഒരു പരിഭവം അവളുടെ മനസ്സിൽ ഉണ്ടായിരുന്നത് സ്നേഹാധിക്യം കൊണ്ട് സ്ത്രീകൾ അമർത്തിയിരുന്നു. പുരുഷന്റെ സ്നേഹം എന്നത് സ്ത്രീയെ കീഴ്പ്പെടുത്താനുള്ള ശക്തമായ ആയുധമാണെന്ന് ഇവിടെ സ്ത്രീതന്നെ പറയുകയാണ്. സ്ത്രീയുടെ സ്നേഹിക്കപ്പെടാനുള്ള മനോഭാവമാണ് പുരുഷന്റെ ഇകഴ്ത്തലുകളെയും അവഗണനകളെയും മറന്നു കുടുംബജീവിതം മുന്നോട്ടു നയിക്കാൻ അവളെ പ്രേരിപ്പിക്കുന്നത്. പുരുഷൻ എന്നും തന്റെ സ്വയം പര്യാപ്തതയിൽ ആത്മവിശ്വാസം ആർജ്ജിക്കുന്നവനും അതേസമയം സ്ത്രീയുടെ ആശ്രിതത്വം ആസ്വദിക്കുന്നവനുമാണ്. ആസ്വാദനം ഒരുപരിധിക്കപ്പുറം അധികാരത്തിലേക്ക് വഴിമാറി സഞ്ചരിക്കുമ്പോൾ അടിച്ചേൽപ്പിക്കുന്ന സാഹചര്യം ഉണ്ടായിവരുന്നു. ഇവിടെയാണ് ലിബറൽ ഫെമിനിസത്തിന്റെ പ്രസക്തി. "പുരുഷമനസ്സുകളിൽ അടിയുറച്ചുപോയ പൂർവ്വധാരണകളെ പിഴുതുകളയാൻ ആശാസ്യമായ പരിവർത്തനങ്ങൾ സ്വീകരിക്കേണ്ടതുണ്ട് എന്ന മിതസമീപനമാണ് ലിബറൽ ഫെമിനിസ്റ്റുകൾ കൈകൊണ്ടത്. പ്രത്യക്ഷമായി പുരുഷമേധാവിത്തത്തോട് കലഹിക്കാതെ എല്ലാ രംഗങ്ങളിലും സ്ത്രീകൾക്കും തുല്യ അവകാശ ങ്ങൾ അനുവദിക്കുന്ന നിയമം നിർമിക്കണമെന്നും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഒരു കൂട്ടർ ഇതരരേക്കാൾ മെച്ചമെന്ന വിശ്വാസം ഇല്ലാതാക്കണമെന്നും അവർ വാദിച്ചു" (വി.സി. സുപ്രിയ:2013:17). പൊതുവിടങ്ങളിൽ തൊഴിൽചെയ്യുന്ന പുരുഷനേക്കാൾ തുല്യമോ അതിലധികമോ അധ്വാനം സ്ത്രീകൾ ഗാർഹികഇടങ്ങളിൽ നിർവഹിക്കുന്നുണ്ട്. മാത്രമല്ല, സമയക്ലിപ്തതയോടെ ജോലി ചെയ്തുവരുന്ന പുരുഷനും മുഴുവൻ സമയവും പരിധി നിർണ്ണയിക്കാൻ കഴിയാത്ത ഗാർഹികഇടങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ അധ്വാനത്തെയും തമ്മിൽ തുലനംചെയ്യുന്നത് തികഞ്ഞ യുക്തിരാഹിത്യമാണ്. എങ്കിലും, സാമ്പത്തികനേട്ടം പുരുഷനായതിനാലും സ്ത്രീയുടെ തൊഴിലിടം വേതനരഹിതമായ ഗാർഹികതയുടെ പരിസരങ്ങളിൽ അതിർത്തി കൽപ്പിച്ചു നിർത്തുന്നതും കുടുംബം എന്ന സ്ഥാപനം കാലങ്ങളായി സ്ത്രീ സമൂഹത്തോട് ചെയ്യുന്നത് തികഞ്ഞ അനീതിതന്നെയാണ് അതിൽ ചില മാറ്റങ്ങൾ വന്നുവെങ്കിലും

സമൂല പരിവർത്തനം അസാധ്യമെന്ന് വേണം കരുതാൻ. കാരണം, സ്ത്രീകൾ എന്നും ചില വാർപ്പ് മാതൃകകളിൽ പിന്തുടരുന്നതിൽ താൽപരമാണ്, നിർബന്ധിതരുമാണ്.

കഥയിൽ ഗോവിന്ദൻ നായർ ശ്രേഷ്ഠനായ എഴുത്തുകാരനായി സ്വയം സ്ഥാപിക്കുകയാണ്. ഒപ്പം സ്വന്തം ഭാര്യയെ കഴിവുകെട്ടവൾ എന്ന് പരിഹസിക്കുന്നുമുണ്ട്. ഗോവിന്ദൻ നായരുടെ ജീവിതചെലവുകൾ കല്യാണിയുടെ കുടുംബത്തിന്റെ സാമ്പത്തികഭദ്രയെ പ്രതികൂലമായാണ് ബാധിക്കുന്നത്. അയാളെ സംബന്ധിച്ച് യൂറോപ്യൻ മാതൃക യിൽ ദിനചര്യകളെ ക്രമപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഗോവിന്ദൻ നായരുടെ അമിതചെലവുകൾ കല്യാണിയമ്മയുടെ കുടുംബത്തിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിച്ചു. അത് ഗോവിന്ദൻനായർ അറിയുകയോ അറിയാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. കല്യാണി അമ്മ പറയുകയോ ചെയ്തില്ല. വീട്ടുചെലവുകൾ നടത്തിക്കൊണ്ടുപോകാൻ ഒരു സഹായമാകുമെന്ന ചിന്തയാണ് അയൽവീട്ടിലെ കുട്ടികൾക്ക് ട്യൂഷൻ പഠിപ്പിക്കാൻ കിട്ടിയ അവസരത്തെ പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കുന്നത്. ഗോവിന്ദൻ നായരെ സംബന്ധിച്ച് ഭാര്യ അത്തരം ഒരു ജോലിചെയ്യുന്നത് അഭിമാനക്ഷത മായി കരുതുന്നു. ഭാര്യയുടെ അധ്വാനംകൊണ്ട് ജീവിക്കാൻ അയാളുടെ അഭിമാനം സമ്മതിക്കുന്നില്ല. സ്വയം ഏറ്റവും വലിയ ശരിയെന്നുധരിച്ച് ജീവിക്കുന്ന ഗോവിന്ദൻ നായരെ തിരുത്താൻ കല്യാണി അമ്മയ്ക്ക് സാധിക്കുന്നില്ല. ഗോവിന്ദൻ നായരുടെ എഴുത്തുരീതി സാധാരണക്കാരായ വായനക്കാരെ രസിപ്പിക്കാൻ പോന്നതായിരുന്നില്ല എന്ന് ആദ്യകാലത്ത് കല്യാണിയമ്മ തുറന്നുപറയാറുണ്ടായിരുന്നു. തന്നെ വിമർശി ക്കുന്നത് അംഗീകരിക്കാൻ വിമുഖതകാണിക്കുകയും അതേസമയം ഭാര്യയെ നിരന്തരം വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ബൗദ്ധികനിലവാരത്തെ പ്രതി അവരെ പരിഹസിക്കുകയും ചെയ്യുന്നുണ്ട്. സ്തുതി പാടലു കൾ മാത്രം കേൾക്കാൻ ആഗ്രഹിക്കുന്ന ബൂർഷ്വാ എഴുത്തുകാരനാണ് ഗോവിന്ദൻ നായർ എന്ന് ചുരുക്കം. അതുകൊണ്ടാണ് "അടുക്കളയിൽ കിടക്കുന്ന നിങ്ങൾക്ക് സാഹിത്യത്തെക്കുറിച്ച് എന്തറിയാം" (എം സരസ്വതിഭായ്: 1911:38) എന്നിങ്ങനെ വാക്കുകൾകൊണ്ട് ആക്ഷേപിക്കുന്നുണ്ട്. സ്ത്രീയുടെ കഴിവിനെയും സ്വാതന്ത്ര്യബോധത്തെയും അഭിപ്രായങ്ങളെയും ആത്യന്തികമായി ഒരു പൂർണ്ണ വ്യക്തിയെന്ന നിലയിൽ അവളെ അംഗീകരിക്കാനും പുരുഷാധിപത്യ സമൂഹം തയ്യാറാകുന്നില്ല. അവളിലെ ചിന്താശേഷിയും കർമ്മനൈപുണ്യവും തീർത്തും അവഗണിക്കപ്പെടുന്നു. തന്റെ എഴുത്തിന്റെ നിലവാരത്തകർച്ചയെക്കുറിച്ച് പറയുന്ന ഭാര്യയെ അതേ നാണയത്തിൽ മറുപടികൊണ്ട് നിശബ്ദയാക്കുകയാണ് ഗോവിന്ദൻ നായർ. "എനിക്ക് മനസ്സി ലാകുകയോ രസിക്കുകയോ ചെയ്യുന്നില്ലെങ്കിൽ മറ്റുള്ള ആളുകൾക്കും ഏകദേശം അങ്ങ നെ തന്നെയാണെന്ന് വിചാരിച്ചുകൊണ്ടാൽ മതി" (എം. സരസ്വതിഭായ്:1911:38) എന്ന കല്യാണി അമ്മയുടെ വാക്കുകളെ പാടെ നിരാകരിച്ചുകൊണ്ട് അത് അവരുടെ അജ്ഞതയാണെന്ന് വരുത്തിതീർക്കുകയാണ് ഗോവിന്ദൻ നായർ. മാത്രമല്ല, കുടുംബ ത്തിന്റെ പരിമിതപ്പെട്ട അതിർത്തിക്കുള്ളിലെ സ്ത്രീ ജീവിതത്തിന്റെ നിസ്സാരവൽക്കരണമാണ് പലപ്പോഴും സംഭവിക്കുന്നത്. ഇവിടെയെല്ലാം തെളിഞ്ഞുകാണുന്ന കുടുംബം എന്ന സ്ഥാപനവും പുരുഷാധിപത്യസമൂഹവും സ്ത്രീ എന്ന സംവർഗത്തോട് കാലങ്ങളായി നിലനിർത്തിപ്പോരുന്ന ഹിംസാത്മകമായ നിലപാടുകളാണ്. പരമ്പരാഗത നിർമ്മിതബോധ്യങ്ങളിൽ അന്തർലീനമായി കിടക്കുന്ന 'ഭാര്യ' എന്നത് ഭർത്താവ് പറയുന്നതും ചെയ്യുന്നതും അന്യായമാണ് എങ്കിൽകൂടിയും അതിനെക്കുറിച്ച് പറയുന്നതോ തിരുത്താൻ ശ്രമിക്കുന്നതോ ശരികേടായും സ്ത്രീയുടെമേലുള്ള വലിയ ആരോപണമായും മാറുന്നു. ഇത്തരം ചിന്താഗതി വച്ചുപുലർത്തുന്ന വ്യക്തിയാണ് കഥയിലെ ഗോവിന്ദൻ നായർ. സ്വയം വരുമാനമുണ്ടാക്കി ജീവിക്കുന്ന സ്വയംപൂർണയായ വ്യക്തിയായി ജീവിക്കാനുള്ള അനുവാദം ഭാര്യാപദത്തിന് നൽകുന്നതിൽ തികഞ്ഞ വിയോജിപ്പ് പ്രകടിപ്പിക്കുന്ന ഗോവിന്ദൻ നായർ, "സാഹിത്യകൃതികളെ വായിച്ച് വിലയിരുത്താനുള്ള തലച്ചോറ് സ്ത്രീകൾക്കില്ലെന്ന് ശക്തമായി വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ പേരിൽ എഴുതപ്പെട്ടു വന്നിട്ടുള്ളതെല്ലാം അവരുടെ ഭർത്താക്കന്മാരോ പരിചാരകരോ എഴുതിയതാണെന്നുള്ള യുക്തിരഹിതമായ വാദങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിൽ ഉറച്ചുനിൽക്കുന്നുമുണ്ട്.

സ്ത്രീ എന്നാൽ കീഴടക്കപ്പെട്ടവളും രണ്ടാം ഇടക്കാരിയും പരാന്ന ജീവിയുമാണ് എന്ന പുരുഷബോധ്യം പറഞ്ഞുവയ്ക്കുമ്പോൾ അവളെ അമ്മട്ടിൽ നിർമ്മിച്ചെടുക്കുകയാണെന്ന കൂടി ചേർത്തുവയ്ക്കേണ്ടതുണ്ട്. "എത്ര നന്നായി ആദരിക്കപ്പെട്ടാലും അവൾ കീഴടക്കപ്പെട്ടവളും രണ്ടാം

 ISSN No: 3049-0316 

കിടക്കാരിയും പരാന്ന ജീവിയുമാണ്. അവളുടെ അസ്തിത്വത്തിന്റെ അർത്ഥംതന്നെ അവളുടെ കൈകളിലല്ല എന്നതാണ് അവളുടെ മേൽ പതിച്ചിരിക്കുന്ന ശാപം" (സിമണ് ദി ബുവ്വെ:2017:705). സ്ത്രീയെ സംബന്ധിച്ച് അവളിലെ അവളായിരിക്കാൻ അവസരം നിഷേധിക്കുന്നവർ തന്നെയാണ് അവളിൽ ആശ്രിതത്വം അടിച്ചേൽപ്പിക്കുന്നതും അതിനെ പ്രതി അധികാരിചമയുന്നതും. പുരുഷൻ എല്ലായ്പ്പോഴും സാമ്പത്തിക സ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും അവകാശമായി സ്ഥാപിച്ചെടുക്കുകയും അതേസമയം സ്ത്രീക്ക് അതെല്ലാം നിഷേധിക്കുകയുംചെയ്യുന്നു. തനിക്ക് നേരെയുള്ള നിഷേധങ്ങളെയും നിരാകരണങ്ങളെയും അസഹനീയതയോടെ സമീപിക്കുകയും ചെയ്യുന്നു. തന്റെ ലേഖനങ്ങളെല്ലാം നിലവാരമില്ലെന്നു പറഞ്ഞ് മടക്കിയ പത്രാധിപരെ മണ്ടൻമാർ എന്നാണ് ഗോവിന്ദൻ നായർ സംബോധനം ചെയ്യുന്നത്. തന്റെ എഴുത്തിന്റെ നിലവാരത്തിലേക്ക് എത്താൻ പത്രാധിപർക്കാവാത്തതാണ് തന്റെ ലേഖനങ്ങളെ മടക്കുവാൻ കാരണമെന്നും താൻ മികച്ച എഴുത്തുകാരനാണെന്നും സ്വയം വിലയിരുത്തി ആശ്വാസം കണ്ടെത്താനും അയാൾ ശ്രമിക്കുന്നുണ്ട്.

തന്റെ പുസ്തകങ്ങൾക്ക് സമ്മാനം ലഭിക്കുമെന്നു കരുതി എഴുതാൻ തുടങ്ങുമ്പോൾ തന്നെ കണക്കുകൂട്ടലുകളുടെ നീണ്ടനിര അയാൾ ഭാര്യയുടെ മുമ്പിൽ നിരത്തുന്നുണ്ട്. ഭർത്താവിന്റെ അതിമോഹങ്ങൾ പിന്നീട് ഇച്ഛാഭംഗത്തിനു വഴിയൊരുക്കുമെന്ന് കല്യാണി അമ്മ പറഞ്ഞപ്പോഴും അതും ഭാര്യയുടെ അജ്ഞതയായി വിലയിരുത്താനാണ് ഗോവിന്ദൻ നായർ ശ്രമിച്ചത്. എന്നിട്ടും ഭർത്താവിന് എഴുതുവാനുള്ള എല്ലാ സൗകര്യങ്ങളും ഭാര്യയെന്ന നിലയിൽ അവർ ചെയ്തുകൊടുക്കുന്നുണ്ട്. അയാളുടെ ഏകാഗ്രതയ്ക്ക് ഭംഗം വരാതിരിക്കാൻ കുഞ്ഞുങ്ങൾ കരയാതെ സൂക്ഷിക്കുന്നുണ്ട്. മറ്റുള്ളവരുടെ കഴിവിനെ അംഗീകരിക്കാൻ ഒരിക്കലും അയാൾ തയ്യാറാകുന്നില്ല. ബാലകൃഷ്ണൻ നായർ എന്ന എഴുത്തുകാരനെ അയാൾ ശത്രുവായി കാണുന്നു. തന്റെ എല്ലാ തകർച്ചകൾക്കും കാരണം അയാളണെന്നു പറയുന്ന ഭർത്താവിനെ കല്യാണി അമ്മ തിരുത്തുന്നുണ്ട്. "അയാളും നമ്മെപ്പോലെ കുടുംബചെലവ് കഴിയാൻ വേറെ നിവർത്തിയില്ലാതെ എഴുതുന്നതായിരിക്കും" (എം.സരസ്വതിഭായ്:1911:43) ഈ വാക്കുകളിൽ അനുഭവത്തിന്റെ തീവ്രതയെ കാണാൻ കഴിയും. പക്ഷേ, ഗോവിന്ദൻ നായർ ഒരർത്ഥത്തിൽ സ്വാർത്ഥതയുടെ പ്രതീകമാണ്. അയാൾ സ്വന്തം ഭാര്യയേയും മക്കളെയും കുറിച്ച് ചിന്തിക്കുന്നില്ല. അവരെ തിരിച്ചറിയുവാൻ ശ്രമിക്കുന്നുമില്ല. ഭാര്യയുടെ അഭിപ്രായങ്ങൾക്കും പരിഗണന നൽകാത്തയാൾ സമ്മാനവും കാത്തിരുന്ന് ഒടുവിൽ ബാലകൃഷ്ണൻ നായർക്ക് തന്നെ സമ്മാനം എന്നറിഞ്ഞ് ശാപവാക്കുകൾ പറയാൻ തുടങ്ങുമ്പോൾ ഭർത്താവിനെ വിലക്കിക്കൊണ്ട് കല്യാണിയമ്മ സത്യം തുറന്നുപറയുന്നുണ്ട്. "ഞാൻ തന്നെയാണ് ബാലകൃഷ്ണൻനായർ "(എം. സരസ്വതിഭായ്:1911:44 ). കല്യാണി അമ്മയിലെ എഴുത്തുകാരി അവർ രൂപപ്പെട്ട സ്വതന്ത്രചിന്തയുടെ പ്രതിഫലനമാണ്. ജീവിതാവസ്ഥകളിൽനിന്ന് പരുവപ്പെട്ടുവന്നതാണ് കല്യാണി അമ്മയിലെ സർഗാത്മഗത. പുരുഷനെപോലെ തന്നെ ബൗദ്ധിവും സർഗാത്മകവുമായ കഴിവുകൾ സ്ത്രീകൾക്കുമുണ്ട്. ഇത് അംഗീകരിക്കാൻ സമൂഹം തയ്യാറാകാത്തിടത്താണ് പ്രശ്നം നിലകൊള്ളുന്നത്. പുരുഷനെപ്പോലെ പൂർണമായി വ്യക്തിത്വം നേടിയെടുക്കുന്നത് സ്ത്രീയുടെ ലക്ഷ്യംകൂടിയാണ്. പുരുഷൻ സ്വാതന്ത്ര്യത്തോടെ സ്ത്രീലോകങ്ങളിലേക്ക് ഇറങ്ങിവരുന്നതുപോലെ നിർഭയമായി സ്ത്രീക്കും ഇറങ്ങിനടക്കാൻ കഴിയണം. വിവേകം, ദയയോടുകൂടിയുള്ള പെരുമാറ്റം എന്നിവ സ്ത്രീയെ കൂടുതൽ സ്വതന്ത്രയാക്കുന്നു. ഈ സ്വാതന്ത്ര്യം അവളുടെ കർമ്മമണ്ഡലത്തെ പുഷ്ടിപ്പെടുത്തുന്നു. സ്ത്രീയുടെ ഈ സ്വാതന്ത്ര്യാവസ്ഥ പുരുഷാധിപത്യം ഉൾക്കൊള്ളാനും അംഗീകരിക്കാനും തയ്യാറാകാത്തിടത്തോളം 'തുല്യത' ഒരു സാമൂഹിക പ്രശ്നമായി തന്നെ എക്കാലത്തും നിലനിൽക്കും.

തന്റെ ഭാര്യയുടെ അധ്വാനംകൊണ്ട് കിട്ടുന്ന പ്രതിഫലത്തിന്റെ പങ്കുപറ്റി ജീവിക്കുന്നത് തികഞ്ഞ അപമാനമായിക്കാണുന്ന ഗോവിന്ദൻ നായർ ഇത്രയും നാൾ ഭാര്യയുടെ അധ്വാനത്തിന്റെ പങ്കുപറ്റിയത് ഭാര്യയിൽനിന്നും തനിക്കേറ്റ വലിയ അപമാനമായി കാണുന്നു. തുടർന്ന് വീട്ടിൽനിന്നും ഇറങ്ങിപോകാൻ ഒരുങ്ങുന്നു. "നിലനിൽക്കുന്ന അധികാരവ്യവസ്ഥയിൽ സ്ത്രീയായിരിക്കുന്നത് തെറ്റാണെന്നും ഏകയായ സ്ത്രീയാവുക അതിലും തെറ്റാണെന്നും തന്റേടിയും ബുദ്ധിമതിയുമായ സ്ത്രീയാകുക ഏറ്റവും വലിയ തെറ്റാണെന്നും മൂല്യനിർണയം നടത്തുന്ന ഒരു സമൂഹത്തിൽ സ്ത്രീക്ക് സ്വത്വാവിഷ്കാരം പുരുഷന്റെയത്ര എളുപ്പമല്ല" (ശാരദക്കുട്ടി:2009:51). സ്വത്വാവിഷ്കാരം മാത്രമല്ല, ആവിഷ്കാര സ്വാതന്ത്ര്യവും

ISSN No: 3049-0316


ഇല്ല എന്നതുകൊണ്ടാണല്ലോ കല്യാണിയമ്മ ബാലകൃഷ്ണൻ നായർ എന്ന പേരിൽ എഴുതുന്നത് അംഗീകരിക്കപ്പെടുകകൂടി ചെയ്യുന്നിടത്ത് അധികാരിയായ പുരുഷൻ വ്രണപ്പെടുന്നുണ്ട്. അതാണ് ഒരു ഇറങ്ങിപ്പോക്കിലേക്ക് അയാളെ നയിക്കുന്നത്. ഒടുവിൽ തന്റെ ഭാര്യയുടെ കർമ്മശേഷിയെയും അവസരോചിതമായ ജീവിതസമീപനങ്ങളെയും നിരീക്ഷണങ്ങളെയും അംഗീകരിച്ചുകൊണ്ട് കുടുംബജീവിതം തുടരാൻ ഗോവിന്ദൻ നായർ തീരുമാനിക്കുന്നു.

## ഉപസംഹാരം

സ്വന്തം കഴിവിലൂടെയാണ് സ്ത്രീ അവളുടെ സമൂഹമായ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നത്. അവിടെ അവളുടെ ആശ്രിത എന്ന ഭാരം വീണുതകരുന്നു. സ്ത്രീ പ്രവർത്തനനിരതയും സാമ്പത്തികപര്യാപ്ത നേടുകയും ചെയ്യുമ്പോൾ പ്രതിസന്ധികളെ അതിലംഘിക്കാൻ സ്വയം ശക്തയാകുന്നു. ഇത്തരമൊരു അതിലംഘനത്തിലൂടെ ലിംഗവിവേചനയും പാർശ്വവൽക്കരണത്തെയും പ്രതിരോധിക്കുന്നതോടൊപ്പം സ്ത്രീകൂടി ചേർന്നുനിന്നാൽ മാത്രം പൂരിപ്പിക്കപ്പെടുന്ന ഒരു നിർമ്മിതിയാണ് കുടുംബം എന്നുള്ള ധാരണയെ കഥാകാരി ഉറപ്പിക്കുന്നുണ്ട്. അധികാര വിധേയത്വങ്ങളല്ല, മാനസികമായ ഐക്യപ്പെടലാണ് ആരോഗ്യകരമായ സമൂഹത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം. അതിനായി സ്ത്രീ പുരുഷ സമത്വത്തിന്റേതായ ലോകം പുലരേണ്ടതിന്റെ ആവശ്യകതയെയും കഥയുടെ ആന്തരികതലം ചർച്ചചെയ്യുന്നുണ്ട്

## സഹായകഗ്രന്ഥങ്ങൾ

സിമൊങ്ങ് ദി ബുവ, 2017, സെക്കൻഡ് സെക്സ്, ഡിസി ബുക്സ്, കോട്ടയം

സുപ്രിയ വി.സി. ഡോ, കെ കെ ശിവദാസ് ഡോ, സന്തോഷ് മാനിച്ചേരി, 2013, ഫെമിനിസം ദലിത് സാഹിത്യം പരസ്യകല, മാളുബൻ പബ്ലിക്കേഷൻസ് തിരുവനന്തപുരം

നിവേദിത മേനോൻ, 2017, അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനി സത്തിന്റെ വർത്തമാനങ്ങൾ, (പരി. ജെ.ദേവിക) സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം

ബഷീർ എം. എം ഡോ, 2004, ആദ്യകാല സ്ത്രീകഥകൾ, ലിപി പബ്ലിക്കേഷൻസ് കോഴി ക്കോട്

ശാരദക്കുട്ടി എസ്, 2009, പെൺവിനിമയങ്ങൾ , ഡിസി ബുക്സ്, കോട്ടയം

സരസ്വതീഭായ്,2004, 'തലച്ചോറില്ലാത്ത സ്ത്രീകൾ', ആദ്യകാല സ്ത്രീകഥകൾ, എഡി. ഡോ.എം. എം ബഷീർ, ലിപി പബ്ലിക്കേഷൻസ് കോഴിക്കോട്